**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1172** **02-02-2026 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ 2.50 കോടി രൂപ വിനിയോഗിച്ച് വഴിയ്ക്കും പാർക്കിങ്ങ് ഏരിയയ്ക്കും സ്ഥലമേറ്റെടുത്തിട്ടുള്ളതും 1.50 കോടി രൂപയുടെ അനുബന്ധ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളതുമായ വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലെ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിന്റെ വഴിയ്ക്കും പാർക്കിംഗ് ഏരിയയ്ക്കുമുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി വഴിയുടെയും പാർക്കിംഗ് ഏരിയയുടെയും നിർമ്മാണത്തിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട കാന നിർമ്മാണം ഉൾപ്പെടെ റോഡിന്റെയും പാർക്കിംഗ് ഏരിയയുടെയും കോൺക്രീറ്റിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രഡ്ജിംഗിനായി ലഭിച്ച ഒരു കോടി രൂപയുടെ പ്രവൃത്തിയ്ക്കായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഡ്രെഡ്ജിംഗ് പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്നും കരാർ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | വ്യക്തമാക്കാം. 1.5 കോടി രൂപയുടെ അനുബന്ധ പ്രവൃത്തികൾ രണ്ട് പ്രവൃത്തികളായാണ് ഏർപ്പാടാക്കിയത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | വൈപ്പിൻ ഫിഷ് ലാന്റിങ്ങ് സെന്ററിന്റെ വഴിയ്ക്കായുള്ള രണ്ടാംഘട്ട സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | ഫിഷ് ലാന്റിംഗ് സെന്റർ ഭാവിയിൽ ഫിഷിംഗ് ഹാർബറായി ഉയർത്താൻ ഉദ്ദേശിക്കുന്നതിനാൽ വാഹനങ്ങൾ കയറുന്നതിനും ഇറങ്ങുന്നതിനും രണ്ട് വഴികൾ ആവശ്യമാണ്. ഇതിനായി 21.127 സെന്റ് സ്ഥലമാണ് ആകെ ആവശ്യമായി വരുന്നത്. ആദ്യഘട്ടമായി 12.552 സെന്റ് സ്ഥലം ഏറ്റെടുത്തിരുന്നു. ശേഷിക്കുന്ന 8.575 സെന്റ് സ്ഥലത്തിന് സെന്റിന് 20 ലക്ഷം രൂപ കണക്കാക്കി 171.50 ലക്ഷം രൂപയും, റവന്യൂ വകുപ്പിന് പ്രാരംഭ പ്രവർത്തന ഫണ്ട് 5% കണക്കാക്കി 8.575 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 180.075 ലക്ഷം രൂപ ആവശ്യമാണെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അറിയിച്ചിട്ടുണ്ട്. തുക അനുവദിക്കുന്ന കാര്യം പരിഗണിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | എസ്റ്റിമേറ്റ് തുക | കാരാർ കാലാവധി അവസാനിക്കുന്ന തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1. | ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ് & റിക്ലമേഷൻ – വൈപ്പിൻ എഫ്.എൽ.സി | ശ്രീ. റോബിൻസൺ ജോസ് | 1.00 കോടി | 29.07.2026 | പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. |
| 2. | വൈപ്പിൻ എഫ്.എൽ.സി– അപ്രോച്ച് റോഡിന്റെയും, ഡ്രെയിൻ, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണം | ശ്രീമതി. ഗീതു ദാസ് | 50.00 ലക്ഷം | 28.02.26 | റോഡ്/ പാർക്കിംഗ് ഏരിയ – കോൺക്രീറ്റിംഗ് ഒഴികെ ബാക്കി പ്രവൃത്തി പൂർത്തീകരിച്ചു. |